ഭൂമിക്കൊരു ചരമഗീതം / ഒന്നും രണ്ടും ശ്ലോകങ്ങൾ/ ഓ എൻ വി

www.malayalampoems.com



ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി
ഇത് നിന്റെ എന്റെയും ചരമ ശുശ്രൂഷക്ക്
ഹൃദയത്തിലിന്നെ കുറിച്ച ഗീതം

www.malayalampoems.com

മൃതിയുടെ കറുത്ത വിഷപുശ്പം വിടർന്ന -
അതിൻ നിഴലിൽ നീ നാളെ മരവിക്കെ
ഉയിരട്ട നിൻ മുഖതശ്രു ബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
www.malayalampoems.com
ഇവിടെയവശേഷിക്കയില്ലാരുമീ ഞാനും
ഇത് നിനക്കായ് ഞാൻ കുറിച്ചിടുന്നു
ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി

ഭൂമിക്കൊരു ചരമഗീതം / മൂന്നാം ശ്ലോകം / ഓ എൻ വി

www.malayalampoems.com

പന്തിരു കുലം പെറ്റ പറയിക്കുമമ്മ നീ
എണ്ണിയാൽ തീരാത്ത തങ്ങളിളിണങ്ങാത്ത
സന്തതികളെ നൊന്തു പെറ്റു
ഒന്ന് മറ്റൊന്നിനെ കൊന്നു തിന്നുന്നതും
കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ
കണ്ണീരൊഴുക്കി നീ നിന്നു
പിന്നെ നിന്നെതന്നെയല്പാല്പമായ്
തിന്നു തിന്നവർ തിമിർക്കവേ
ഏതും വിലക്കാതെ നിന്നു നീ സർവംസഹയായ്

ഭൂമിക്കൊരു ചരമഗീതം / നാലാം ശ്ലോകം / ഓ എൻ വി

www.malayalampoems.com

ഹരിത മൃദു കഞ്ചുകം തെല്ലൊന്നു നീക്കി നീ -
യരുളിയ മുലപ്പാൽ കുടിച്ചു തെഴുതവർക്കൊരു
ദാഹമുണ്ടായ് , ഒടുക്കത്തെ ദാഹം ,
നിൻ തിരുഹൃദയ രക്തം കുടിക്കാൻ

www.malayalampoems.com

വിശകലനം:

പച്ചപ്പട്ടു ചേലയല്പം നീക്കി നീ
നൽകിയ മുലപ്പാല് കുടിച്ചു വളർന്നവർക്കൊരു
ദാഹമുണ്ടായി, നിന്റെ തിരുഹൃദയ രക്തം കുടിക്കാന്
അവസാനത്തെ ദാഹം.